കേരളീയം കണ്ടപ്പോൾ

കേരളീയം കണ്ടു. ഒരു യുവ സുഹൃത്ത് കൊണ്ട് തരികയായിരുന്നു.

തൃശൂർ നിന്ന് ഇങ്ങിനെ ഒരു പാട് ഉണ്ടായിട്ടുണ്ട്. ബദൽ എന്ന് പറഞ്ഞ് കൊണ്ട് വന്നവ. പ്രതിരോധ സംഘസംരംഭം എന്നു പറഞ്ഞ്കൊണ്ട് വന്നവ. സ്വാശ്രയ സമൂഹനിർമ്മിതിക്കായ് ഒരു കൂട്ടായ്മ എന്ന് പറഞ്ഞ് കൊണ്ട് വന്നവ. അങ്ങിനെ ഒരുപാട്. അതിൽ പലതിലും വിമോചനോന്മുഖത ഉണ്ടായിരുന്നു. വിപ്ലവ സാദ്ധ്യതകളുണ്ടായിരുന്നു. ഏറെക്കുറെ സമഗ്രവും സർഗ്ഗാത്മകവും വിശകലനക്ഷമവുമായിരുന്നു. പക്ഷെ ഒന്നും സംഭവിച്ചില്ല. തിരിച്ച് സംഭവിക്കുകയും ചെയ്തു. ഇന്നിപ്പോൾ പ്ലാവിലത്തൊപ്പിയിലും ഓലപീപ്പിയിലും ഡി.പി.ഇ.പി.യിലും വന്ന് നിൽക്കുന്നു. വരൂ നമുക്ക് ഒരുകഷണം ശുദ്ധ കപ്പങ്ങ തിന്നാം. ഇന്ന് 50 വയസ്സ് തികഞ്ഞ് കൊണ്ടിരിക്കുന്ന, അടിയന്തിരാവസ്ഥക്കാലത്ത് 25 വയസ്സുണ്ടായിരുന്ന എന്നെപ്പോലെയുള്ളവർക്ക് നിങ്ങൾ സ്വാശ്രയം, കശുമാവ്, എന്റോൾ എന്നൊക്കെ പറയുമ്പോൾ ശ്വാസംമുട്ടിനും ചുമയ്ക്കും വല്ലാതെ നീളം വെയ്ക്കുന്നു. സി.ആർ. പരമേശ്വരനെ വായിക്കുക. അരുന്ധതിയെ നോക്കുക. അവർ (Frontline Feb. 8-15)എഴുതിയത് വായിച്ചുവോ.

പാഴ് മനുഷ്യർ ജീവിക്കുന്ന ഒരു ലോകമുണ്ട്. കേരളം കെട്ടിടങ്ങളിൽ മുങ്ങിപോയത് കൊണ്ട് ആ വർഗ്ഗം നമ്മുടെ കാഴ്ച വട്ടത്തിനപ്പുറത്താണ്. മട്ടാഞ്ചേരിയിൽ കൊതുക് കടി കൊള്ളുന്നവർ. കോട്ടയത്ത് ചർദ്ദിക്കുന്നവർ. ആലപ്പുഴയിൽ വയറിളകുന്നവർ. എറണാകുളം ജനറലാസ്പത്രിയിലെ കാൻസർ വാർഡിൽ കിടന്ന് കരയുന്നവർ. അതിന്റെ കൂട്ടിക്കൊടുപ്പുകാരായിരിക്കുന്നു ഇന്ന് സർഗ്ഗാത്മക സാംസ്കാരികൻമാർ. പുത്തൻ വികസന ഭീകരവാദങ്ങളും ടെക്നോളജി കാഴ്ചവെക്കുന്ന പുതിയതരം തീവ്രവാദങ്ങളും തിരിച്ചറിയാത്ത മൂഢൻമാർ. നമുക്ക് മുമ്പിൽ അങ്ങിനെ അഭിനയിക്കുന്ന മനുഷ്യപ്പറ്റ് തൊട്ട് തീണ്ടിയിട്ടില്ലാത്തവൻമാർ.

ജനകീയ-സാംസ്കാരിക- നൈതിക മുദ്രകളിൽ നിന്ന് യുവത്വത്തെ ഓജസ്സറ്റ ഒരുതരം വാർദ്ധക്യത്തിലേക്ക് കൈ പിടിച്ചാനയിക്കുന്ന കപട സാംസ്കാരികതയ്ക്കെതിരെ ഒരു പത്രം - വല്ലാത്ത സ്വീകരിക്കപ്പെടും അത്. പട്ടിണി ഒരു സാംസ്കാരിക പ്രശ്നമാണ്. മനുഷ്യാവകാശപ്രശ്നമാണ്. ആഹാരസമ്പാദന രീതികളിൽ നിന്ന്, ആവാസ വ്യവസ്ഥകളിൽ നിന്ന് ജനങ്ങളെ വെട്ടിമാറ്റുക, അത് മനുഷ്യാവകാശ പ്രശ്നമാണ്. ആരോഗ്യത്തോടെ ജീവിച്ചിരിക്കാനും ഒരു കുടുംബത്തെ ജീവിപ്പിക്കാനും വേണ്ട അവശ്യ വിഭവലഭ്യത -അത് അടിസ്ഥാന മനുഷ്യാവകാശമാണ്. ഈ അടിസ്ഥാന മനുഷ്യാവകാശത്തിന്റെ നഗ്നവും ക്രൂരവും നിർല്ലജ്ജവുമായ ലംഘനത്തിന് മുകളിലാണ് ആനുകാലിക സാംസ്കാരികത കെട്ടിയെടുത്ത് നിർത്തിയിരിക്കുന്നത്. ഇന്റർനാഷണൽ കമ്മ്യൂണിറ്റി എന്ന അഭിജാതവംശം - അരോഗ ദൃഢഗാത്രരും വൃത്തികെട്ടവരുമായ-ഈ വംശത്തിന്റെ കാപട്യത്തിന് നേരെ വിരൽ ചൂണ്ടുക എന്നതാണ് പ്രശ്നം. അതിനുതകുന്ന പഠനങ്ങളും അത് നേരെ പിടിച്ചുവായിക്കാനറിയുന്ന അനുവാചകരും ഒരു നിർമ്മിതിയുടെ പ്രശ്നമാണ് അത്.

അഹമ്മദ് അഷ്റഫ്



പ്രസ് തൊഴിലാളികൾ പട്ടിണിയിലേക്ക്

കുന്നംകുളം:- അച്ചടിരംഗത്തെ ആധുനിക വൽക്കരണവും ചെറുകിട പ്രസ്സുകളുടെ അടച്ചുപൂട്ടൽ ഭീഷണിയും കുന്നംകുളത്തെ പ്രസ്സ് തൊഴിലാളികളെ തൊഴിൽ രഹിതരാക്കുന്നു.

ആധുനിക വൽക്കരണം മൂലം ഓഫ്സെറ്റ് പ്രസ്സുകളും കമ്പ്യൂട്ടറൈസ്ഡ് പ്രിന്റിങ്ങ് പ്രസ്സുകളും കുന്നംകുളത്ത് വ്യാപകമായതോടെ ഒട്ടേറെ തൊഴിലാളികൾ പിരിച്ചുവിടൽ ഭീഷണിയിലാണ്. മുമ്പുണ്ടായിരുന്നതിന്റെ നാലിലൊന്നു തൊഴിലാളികൾപോലും ആധുനിക വൽക്കരിച്ച പ്രസ്സുകളിൽ ആവശ്യമില്ല. ആധുനികവൽക്കരണം സാധ്യമാകാത്ത ചെറുകിട പ്രസ്സുകളാവട്ടെ വൻകിട പ്രസ്സുകളോട് മത്സരിക്കാനാവാതെ അടച്ചുപൂട്ടൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്.

ഒട്ടേറെ തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ രംഗം കുന്നംകുളത്തെ ഏറ്റവും വലിയ സ്വകാര്യ തൊഴിൽ മേഖലകളിലൊന്നാണ്. തൊഴിൽ സംഘടനകൾ ശക്തമല്ലാത്ത ഈ രംഗത്ത് നിയമാനുസരണം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകാതെയാണ് തൊഴിലാളികളെ പിരിച്ചുവിടുന്നതെന്നും ആരോപണമുണ്ട്.

പി. കൃഷ്ണൻ

പരിസ്ഥിതി തൊഴിലാളികളെ തുറന്ന് കാണിക്കണം

പരിസ്ഥിതി പ്രവർത്തനം മനുഷ്യന് ജനിച്ച മണ്ണിനോടുള്ള പ്രാഥമികമായ കടമ എന്നതിൽ കവിഞ്ഞ് മറ്റെന്തൊക്കെയോ ആയി തീർന്നിരിക്കുന്നു.

അക്കാദമിക് ബുദ്ധിജീവികൾക്കും, രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ ഇടം കിട്ടാതെ പോയ പണച്ചാക്കുകൾക്കും ഫാഷനായി കൊണ്ടുനടക്കുന്ന പണമുള്ള പിള്ളാർക്കും രോഷാകുലരായി സംസാരിക്കാനും ഷൈൻ ചെയ്യാനുമുള്ള ഒരവസരം മാത്രം. ബോട്ടിലുകളിലെത്തുന്ന മിനറൽ വാട്ടർ മാത്രം കുടിക്കുകയും കോൾഗേറ്റ് പേസ്റ്റും ബോഡി കെയർ ലോഷനുമൊക്കെ പുരട്ടുകയും രാത്രി ഒരുകുപ്പി ബിയർ കുടിച്ച് പരിസ്ഥിതി പ്രവർത്തനമവസാനിപ്പിക്കുകയും ചെയ്യുന്ന ഇവരോട് നമുക്ക് ക്ഷമിക്കാം.

പക്ഷെ പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് ആഗോള സംഘടനകൾ നൽകുന്ന ഫണ്ടും പ്രൊജക്ടുകൾക്കായി സർക്കാരൊഴുക്കുന്ന പൈസയും കട്ടുമുടിച്ച് പുറമേക്ക് ആദർശ പരിസ്ഥിതി പ്രവർത്തകരുടെ ജാഡയുമായി നടക്കുന്നവരെ തുറന്നുകാണിക്കുക തന്നെ വേണം.

കേരളത്തിൽ പരിസ്ഥിതി പ്രവർത്തനങ്ങൾക്കുള്ള ജനകീയാടിത്തറ നഷ്ടപ്പെടുത്തുന്നതും പരിസ്ഥിതി പ്രവർത്തകരെ സംശയത്തിന്റെ നിഴലിലൂടെ മാത്രം നോക്കിക്കാണാൻ ഇട വരുത്തുന്നതും വിരലിലെണ്ണാവുന്ന ഇത്തരക്കാരാണ്. കേരളത്തിലെ ഒരു നാട്ടറിവു പഠനകേന്ദ്രത്തിന്റെ മറവിൽ നടക്കുന്നുണ്ടെന്ന് പറയപ്പെടുന്ന ജൈവ ചോരണവും എറണാകുളത്തെ ഒരു പ്രശസ്ത പരിസ്ഥിതി പ്രവർത്തകന്റെ മേൽ ആരോപിക്കപ്പെട്ടിട്ടുള്ള വൻ സാമ്പത്തിക ക്രമക്കേടും അന്വേഷണ വിധേയമാക്കുക തന്നെ വേണം.

ആശയങ്ങളുടേയും പ്രതിബന്ധതയുടേയും പേരിൽ സത്യസന്ധമായി പരിസ്ഥിതി പ്രവർത്തനം നടത്തുന്ന ഒട്ടേറെ പേരുള്ള ഇവിടെ അവരുടെ ആത്മവിശ്വാസത്തെയും പ്രവർത്തനങ്ങളെയും ബാധിച്ചേക്കാവുന്ന ഇത്തരം ആരോപണങ്ങൾ ഗൗരവമായി കാണേണ്ടതും അന്വേഷിക്കേണ്ടതുമുണ്ട്. ഈ രംഗത്ത് നഷ്ടപ്പെട്ട സുതാര്യത തിരിച്ചുകൊണ്ടുവരികയും വേണം.

കെ. സിനിരാജ്
പരപ്പനങ്ങാടി

പ്രൂഫ് നന്നായി വായിക്കണം

കേരളീയം 'രചന' കമ്പ്യൂട്ടർ ലിപിയിലേക്ക് മാറ്റുന്നതിൽ സന്തോഷം. നിലത്തെഴുതി പഠിച്ച അക്ഷരങ്ങൾ തിരിച്ചുകിട്ടുന്നല്ലോ.

അച്ചടിപ്പിശാചിനെ ഒഴിവാക്കാൻ ഇനി കാനാടി കുട്ടിച്ചാത്തനെത്തന്നെ വിളിക്കേണ്ടിവരുമോ? പ്രൂഫ് റീഡിംഗ് കുട്ടിക്കളിയോ?

ശ്രീലത
തിരുവനന്തപുരം

കാർട്ടൂൺ

ഭരതൻ, മധുസൂദനൻ, റഫീക് അഹമ്മദ്... മൂന്ന് വ്യത്യസ്ത റേഞ്ചുകളിലുള്ള കാർട്ടൂണിസ്റ്റുകൾ. ഇപ്പോൾ, കാർട്ടൂണുകൾക്കായി ഇത്ര ഇടം അനുവദിക്കുന്ന മറ്റു മലയാള പ്രസിദ്ധീകരണങ്ങൾ ഇല്ല. ബാലകേരളീയത്തിലും ഒരു സ്ഥിരം കാർട്ടൂൺ കോളം ആയിക്കൂടെ? കേരളീയത്തിനും പ്രതീക്ഷ ഉണർത്തുന്ന നിങ്ങളുടെ കാർട്ടൂണിസ്റ്റ് ത്രയത്തിനും ആശംസകൾ.

ലതാ നായർ, ബോംബെ.

ബാലകേരളീയത്തിന് ഇത്ര സ്ഥലം വേണോ?

കേരളീയത്തിന്റെ ലേ - ഔട്ട് കൂടുതൽ നന്നായി വരുന്നുണ്ട്. വാർത്തകളെ അവലോകനം ചെയ്തിരുന്ന പംക്തി, മാധ്യമ വിമർശനം, പൂച്ചെണ്ടും ചീമുട്ടയും തുടങ്ങിയ പംക്തികൾ തുടരേണ്ടതാണ്. ബാലകേരളീയത്തിന് ഇത്രയേറെ സ്ഥലം നീക്കിവെയ്ക്കണോ? കാർട്ടൂണുകൾ പലപ്പോഴും സാധാരണക്കാരുടെ തലക്ക് മീതെ കൂടിയാണ് പോകുന്നത്.

എൻ.ജെ.പി. മനു
ഈറോഡ്
തമിഴ്നാട്

(ബാലകേരളീയത്തിന് ആറിലൊന്ന് സ്ഥലം അനുവദിക്കുന്നത് ന്യായമായ ഒരു സംഗതിയായി തോന്നുന്നതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ബാലകേരളീയം കുട്ടികളേക്കാൾ കുട്ടികളുമായി സമ്പർക്കമുള്ള മുതിർന്നവരെയാണ് ഉദ്ദേശിക്കുന്നത് എന്ന് ശ്രദ്ധിച്ചിരിക്കുമല്ലോ. കാർട്ടൂണുകളിൽ ചിലത് ശരാശരിവായനക്കാരന് മുകളിൽ നിൽക്കുന്നതായി പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഉള്ളടക്കത്തെ മൊത്തത്തിൽ ബാലൻസ് ചെയ്യാനായി അതും ആവശ്യമാണ്. പൂച്ചെണ്ടും ചീമുട്ടയും ഒഴിവാക്കിയതാണ്. മറ്റു പംക്തികൾ ഇനിയും പ്രതീക്ഷിക്കാം - പത്രാധിപർ.]

ബഹുരാഷ്ട്ര കുത്തകകളെ കല്ലെറിയാം

കേരളീയത്തിന്റെ ഒരു തുടർവായനക്കാരനാണ് ഞാൻ. പലവിഷയങ്ങളോടുമുള്ള കേരളീയത്തിന്റെ നിലപാടുകൾ പുതുമയുള്ളതും വ്യത്യസ്ഥവുമാണ്.

എന്നാൽ പല സുപ്രധാന വിഷയങ്ങളിലും കേരളീയം നിലപാടുകൾ എടുക്കാൻ അറച്ചുനിൽക്കുന്നു. കേരളീയമായ സാഹചര്യത്തിൽ വളർന്നുവരുന്ന വർഗ്ഗീയ ഭീഷണിയായാലും, രാഷ്ട്രീയ ഫാസിസമായാലും കേരളീയത്തിന്റെ നിലപാട് പലപ്പോഴും നിസ്സംഗമായി തീരുന്നു. സർക്കുലേഷൻ കുറയുമെന്ന ഭയമായിരിക്കാം അല്ലെങ്കിൽ പക്ഷപാതിത്വം ആരോപിക്കപ്പെടുമെന്ന ഭീതി കൊണ്ടായിരിക്കാം ഈ മൗനം.

അട്ടപ്പാടിയിൽ ഇന്നും ആദിവാസി പട്ടിണി മരണങ്ങൾ ആവർത്തിക്കുമ്പോൾ കേരളത്തിന് കുറവ് ആത്മീയതയുടേതാണെന്നും അത് നികത്താൻ വേണ്ടത് എല്ലാ വീടുകൾക്കും ഭഗവത് ഗീതയാണെന്നും ഉദ്ഘോഷിച്ചുകൊണ്ട് കേരളത്തിന്റെ ആത്മീയ നേതാവായി സ്വയം ചമയുന്ന പി.പരമേശ്വരനെ പോലുള്ളവരുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ നടക്കുന്ന ഗീതാശിബിരങ്ങൾ. കുറവ് ആത്മീയതയുടേതല്ല, സംസ്കാരത്തിന്റേതാണെന്ന് കരുതുന്ന 'മാനവീയ' നായകർ. കേരളീയത്തിന് പറയാനുള്ളതാകട്ടെ, പരിസ്ഥിതിയെ കുറിച്ചും ബഹുരാഷ്ട്ര കുത്തകകളെക്കുറിച്ചും മാത്രം.

സംഘപരിവാരത്തേയും, കേരളത്തിലെ രാഷ്ട്രീയ വൃത്തികേടുകളെയുമൊക്കെ എഴുതി കൈപൊള്ളിക്കുന്നതെന്തിന്. നമുക്ക് മെക്കിട്ടു കയറാൻ ബഹുരാഷ്ട്ര കുത്തകകളെന്ന നിഴൽ ശത്രുക്കളുണ്ടല്ലോ. അവരങ്ങ് അമേരിക്കയിലല്ലേ. കേരളീയത്തിന്റെ വരിക്കാരുമല്ലല്ലോ. സർക്കുലേഷൻ കുറയുമെന്ന ഭയവും വേണ്ട.

കെ.ആർ. പ്രേമരാജ്
തിരൂർ-മലപ്പുറം

ശബ്ദം മാസിക

വാർഷിക പതിപ്പ് ഫെബ്രുവരിയിൽ പ്രമുഖരുടേയും എഴുതി തുടങ്ങുന്നവരുടേയും രചനകൾ.

കെ. വേണു, സി.ആർ. നീലകണ്ഠൻ നമ്പൂതിരി, ഉമർ തറ മേൽ, ടോണി മാത്യു, സുകുമാർ അഴീക്കോട്, ഇബ്രാഹിം ബേവിഞ്ച, എം.എൻ. കാരശ്ശേരി, മീരാക്കുട്ടി, ഡോ. ആർസു. 15 ലേഖനങ്ങൾ, 15 കവിതകൾ, 15 കഥകൾ.

ഡെമ്മി 1/4 ,പേജ് 52, വില 10 രൂപ.

മണി ഓർഡർ അയക്കേണ്ട വിലാസം: ഈയ്യ വളപ്പട്ടണം, ശബ്ദം മാസിക, പി.ഒ. ചിറക്കൽ 870011.